LIBRARY ARCHIVES Kerala Legislative Assembly

സൈബർപാർക്കിന്റെ നിർമ്മാണം

324 (664) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; സൈബർ പാർക്കിലേക്കാവശ്യമായ എന്തെല്ലാം അടിസ്ഥാന പ്രവർത്തികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയുടെ വികസനം ലക്ഷ്യംവച്ച് ഏറ്റവും ആധുനിക സംവിധാനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. 10000 ചതുരശ്രയടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്ററിൽ പ്രോജക്ട് ഓഫീസും, മൂന്ന് ഐ.ടി. കമ്പനികളും പ്രവർത്തിച്ചുവരുന്നു. ഒന്നാംഘട്ടമെന്ന നിലയിൽ 50000 ലിറ്റർ ശേഷിയുള്ള വാട്ടർ സപ്ലൈ സ്കീം സജ്ജീകരിച്ചു ഗതാഗത സൗകര്യത്തിനായി നാലുവരിപ്പാത പണിപൂർത്തീകരിച്ചു ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷന വേണ്ട പ്രാരംഭ നടപടികൾ അവസാന ഘട്ടത്തിലാണ്.

കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

325 (665) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നും അറിയിക്കാമോ ;

(ബി) കൊരട്ടി ഇൻഫോപാർക്കിന് കൂടുതൽ ഭൂമി ലഭ്യമാക്കുന്നതിനും സെസ് പദവി ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇൻഫോപാർക്ക് കൊരട്ടിയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാർക്കിൽ 3.3 ലക്ഷം ചതുരശ്രയടി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബഹുനില ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഏകദേശം 74 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത ഐ.ടി. മന്ദിരം 2015 മേയ് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കൊരട്ടി ഇൻഫോപാർക്കിന് ഇപ്പോൾ ലഭ്യമായ 30 ഏക്കർ സ്ഥലം വൈഗ ത്രെഡ്സിന് ഗവൺമെന്റ് പാട്ടത്തിന് നൽകിയ സ്ഥലത്തുനിന്നും ഏറ്റെടുത്ത് നൽകിയതാണ്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റും വൈഗ ത്രെഡ്സും കക്ഷികളായി വിവിധ കേസുകൾ കോടതികളിൽ നിലനിൽക്കുന്നുണ്ട്. ഈ കേസുകൾ തീർപ്പായതിനുശേഷം വൈഗ ത്രെഡ്സിന്റെ പക്കൽ ബാക്കിവരുന്നസ്ഥലം ഏറ്റെടുത്ത് ഇൻഫോപാർക്ക് കൊരട്ടിക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇൻഫോപാർക്ക് കൊരട്ടിയിലെ നിലവിലുള്ള 30 ഏക്കറിൽ 18 ഏക്കർ സ്ഥലത്തിന് ഇതിനോടകം തന്നെ പ്രത്യേക സാമ്പത്തിക മേഖലാപദവി ലഭിച്ചിട്ടുണ്ട്.

കണ്ണൂർ സൈബർപാർക്ക്

326 (666) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എളമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന കണ്ണൂർ സൈബർപാർക്ക് നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) സൈബർപാർക്കിന്റെ കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഐ.ടി. പാർക്കിന് ലഭിച്ച 25.63 ഏക്കർ ഭൂമിയിലേയ്ക്ക് നേരിട്ടുള്ള ഗതാഗത സൗകര്യമില്ല. നിലവിലുള്ള പഞ്ചായത്ത് റോഡിൽനിന്നും ടി ഭൂമിയിലേയ്ക്ക് റോഡ് ഗതാഗതസൗകര്യം ലഭ്യമാക്കാൻ ഒരു ഏക്കർ ഭൂമിയോളം ആവശ്യമുണ്ട്. ഈ ഒരു ഏക്കർ ഭൂമിയിൽ 80 സെന്റ് സ്വകാര്യ വ്യക്തികളുടെ കൈവശവും, 20 സെന്റ് ഭൂമി മിച്ചഭൂമിയായി സർക്കാർ കൈവശത്തിലുമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly